**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1738** **31-08-2022 - ൽ മറുപടിയ്ക്ക്**

**കേരള സർവകലാശാലയിൽ പുനർ നിയമനം നേടിയവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവകലാശാലയിൽ സർവീസിൽ നിന്നും വിരമിച്ച എത്ര ഉദ്യോഗസ്ഥരാണ് നിലവിൽ സർവകലാശാലയുടെ വിവിധ പദ്ധതികളിൽ പുനർ നിയമനം നേടി സേവനം അനുഷ്ഠിക്കുന്നത് എന്നും അവർ ആരെല്ലാമാണെന്നും ഏതെല്ലാം തസ്തികയിൽ നിന്നും വിരമിച്ചവരാണെന്നും നിലവിൽ ഏതെല്ലാം തസ്തികകളിലാണ് സേവനമനുഷ്ഠിക്കുന്നതെന്നും ഉള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | ജോയിന്റ് രജിസ്ട്രാർ തസ്തികയിൽ നിന്നും വിരമിച്ച ഡോ.പി.രാഘവൻ സർവകലാശാലാ ഹരിതാലയം പ്രോജക്ട് സ്പെഷ്യൽ ഓഫീസർ ആയി 18.06.2021 മുതൽ 17.05.2022 വരെ കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്നു. കരാർ പുതുക്കുന്നതിനുള്ള അപേക്ഷ സർവകലാശാലയുടെ പരിഗണനയിലാണ്. Inter University Centre for Evolutionary and Integrative Biology (iCEIB) എന്ന സെന്ററിൽ നിലവിലുള്ള പ്രോജക്റ്റിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയി സർവകലാശാലാ ജോയിന്റ് രജിസ്ട്രാർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.ദിലീപ് ആർ. സേവനം അനുഷ്ഠിക്കുന്നുണ്ട്. |
| (ബി) | ഇങ്ങനെ പുനർനിയമനം നൽകിയിട്ടുള്ള ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും എതിരെ സർവീസിൽ ആയിരിക്കുമ്പോൾ ഔദ്യോഗിക കൃത്യ നിർവഹണവുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള കേസുകൾ ഉണ്ടായിരുന്നോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ അവർക്കെതിരെയുള്ള കേസുകൾ എന്തായിരുന്നു എന്നും ആയത് തീർപ്പാക്കിയിട്ടുണ്ടോ എന്നും അതിൽ ഇപ്പോഴും കേസുകൾ നിലവിലുള്ളവർ ആരെല്ലാമാണെന്നും അവർക്കെതിരെയുള്ള കേസുകൾ എന്തെല്ലാമാണെന്നും പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതി എന്താണെന്നും ഉള്ള വിശദാംശം ലഭ്യമാക്കാമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ